ദീപിക

07 May 2019

# മത്സ്യത്തൊഴിലാളി മേഖലയിൽ സ്വകാര്യ പലിശ ഇടപാടുകാരുടെ ചൂഷണമെന്നു പഠനം

**'ചൂഷണസ്വഭാവമുള്ള വായ്പാരീതികൾക്ക് തടയിടാൻ സർക്കാർ ഇടപെടണം'**

**വായ്പയെ ഇൻഷ്വറൻസുമായി ബന്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന്**

കൊച്ചി: കേരളത്തിലെ മത്സ്യമേഖലയിലെ അനാരോഗ്യകരമായ സാമ്പത്തിക പ്രവണതകൾ വ്യക്തമാക്കി കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പുതിയ പഠനം. മത്സ്യബന്ധനത്തിലേർപ്പെടുന്നതിനു സ്വകാര്യ ഇടപാടുകാരിൽനിന്നു വായ്പയെടുക്കുന്നതിലൂടെ മത്സ്യത്തൊഴിലാളികൾ സാമ്പത്തിക ചൂഷണത്തിനു വിധേയമാകുന്നുവെന്നും വൻ ബാധ്യതകൾ വരുത്തിവയ്ക്കുന്നുവെന്നുമാണ് അന്താരാഷ്ട്ര ഗവേഷണ ജേർണലായ മറൈൻ പോളിസിയിൽ പ്രസിദ്ധീകരിച്ച പഠനത്തിലെ കണ്ടെത്തൽ.

മത്സ്യഫെഡ് സൊസൈറ്റികൾ, സഹകരണ-വാണിജ്യ ബാങ്കുകൾ, മറ്റ് ധനകാര്യസ്ഥാപനങ്ങൾ എന്നീ ഔദ്യോഗിക വായ്പാദാതാക്കൾ മേഖലയിൽ ഉണ്ടായിരിക്കേയാണ് എളുപ്പത്തിൽ വായ്പ ലഭിക്കുമെന്ന കാരണത്താൽ സ്വകാര്യ പലിശയിടപാടുകാരെ മത്സ്യത്തൊഴിലാളികൾ സമീപിക്കുന്നത്. തിരിച്ചടവിനു മീൻലഭ്യതയ്ക്ക് അനുസരിച്ച് സ്വകാര്യ ഇടപാടുകാർ സാവകാശം നൽകുന്നുമുണ്ട്.

എന്നാൽ, ഇതിലൂടെ 160 ശതമാനം വരെ പലിശനിരക്കിൽ വായ്പ തിരിച്ചടയ്ക്കേണ്ട അവസ്ഥയാണു വരുന്നത്. വായ്പയിലെ വ്യവസ്ഥപ്രകാരം കൂടുതൽ മീൻ ലഭിക്കുന്ന സാഹചര്യത്തിൽ കൂടുതൽ പലിശ നൽകേണ്ട സ്ഥിതിയുമുണ്ട്. പഠനവിധേയമാക്കിയവയിൽ 69 ശതമാനം യാനങ്ങളും മീൻപിടിത്തത്തിനു പുറപ്പെടുന്നത് ഇങ്ങനെയാണ്. മത്സ്യമേഖലയിലെ സാമ്പത്തിക ചൂഷണം ചെറുക്കുന്നതിനു മത്സ്യ-ലേല സമ്പ്രദായം പരിഷ്കരിക്കണമെന്നു പഠനത്തിനു നേതൃത്വം നൽകിയ സിഎംഎഫ്ആർഐയിലെ സാമൂഹിക-സാമ്പത്തിക വിഭാഗം സീനിയർ സയന്റിസ്റ്റ് ഡോ. ഷിനോജ് പാറപ്പുറത്ത് പറഞ്ഞു.

ചൂഷണസ്വഭാവമുള്ള വായ്പാരീതികൾക്ക് തടയിടാൻ സർക്കാർ ഇടപെടണം. മത്സ്യത്തൊഴിലാളികളെ ഔദ്യോഗിക ധനകാര്യസ്ഥാപനങ്ങളിലേക്ക് ആകർഷിക്കാൻ മത്സ്യബന്ധനയാനങ്ങളെ വായ്പാ ഈടായി പരിഗണിക്കുന്നതിനു നടപടികൾ സ്വീകരിക്കണം. ഇതിനായി, വായ്പയെ ഇൻഷ്വറൻസുമായി ബന്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. ഡോ. സി. രാമചന്ദ്രൻ, ഡോ. കെ. കെ. ബൈജു, മത്സ്യത്തൊഴിലാളിയായ ആലപ്പുഴയിലെ ആന്റണി സേവ്യർ എന്നിവരും പഠനത്തിൽ പങ്കാളികളായി.